

TUESDAY 04-10-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-04/10/2022.

1. കൃഷിവകുപ്പ് നടപ്പിലാക്കുന്ന ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷിവകുപ്പ് മന്ത്രിയുടെ ബ്ലോക്ക് തല കർഷക സമ്പർക്ക പരിപാടിയായ കൃഷിദർശൻ ആദ്യമായി തൃശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്കിൽ ഒക്ടോബർ 26 മുതൽ 29 വരെയുള്ള തീയതികളിൽ ആരംഭിക്കുന്നു. ഇതോടനുബന്ധിച്ച് കൃഷിക്കൂട്ട സംഗമം, കൃഷിയിട സന്ദർശനം, കർഷക ഗൃഹ സന്ദർശനം, കാർഷിക അദാലത്ത്, എക്സിബിഷൻ, സെമിനാർ എന്നിവയും ഉണ്ടായിരിക്കുന്നതാണ്.

2. സംസ്ഥാന ഫലമായ ചക്കയുടെ പ്രസക്തി ഭക്ഷ്യസുരക്ഷയ്ക്കും സുരക്ഷിത ഭക്ഷണവും എന്ന നിലയിൽ ഇക്കാലത്ത് ഏറിക്കൊണ്ടിരിക്കുകയാണ്. വിവിധ ഇനം നാടൻ ചക്ക ഇനങ്ങളെ കണ്ടെത്തി സംരക്ഷിക്കുന്നതിനായി കേരള കാർഷിക സർവകലാശാല, കർഷകപങ്കാളിത്തത്തോടെ വിദ്യാർത്ഥി ഗവേഷണ പദ്ധതിയിൽ ഉൾപ്പെടുത്തി. കാലം തെറ്റി (സെപ്റ്റംബർ മുതൽ നവംബർ വരെയോ) അല്ലെങ്കിൽ വർഷം മുഴുവൻ കായ്ക്കുന്നതുമായ പ്ലാവിനങ്ങളുടെ വിവരങ്ങൾ തൃശൂർ ജില്ലയിലെ കർഷകർ **9496402922** എന്ന ഫോൺ മുഖേനയോ, വാട്സ്ആപ്പിലൂടെയോ അറിയിക്കണണമെന്ന് അഭ്യർത്ഥിക്കുന്നു.

3. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/ സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാതലത്തിൽ തെരഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾ അല്ലെങ്കിൽ അംഗീകൃത സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങളും സഹിതം ഒക്ടോബർ മാസം മുപ്പത്തിയൊന്നാം തീയതിക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ മൂന്നു വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരഞ്ഞെടുക്കുന്ന വർക്ക് 10000/- രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശസഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശൂർ വെള്ളാനിക്കര ക്യാമ്പസിലെ കാർഷിക കോളേജ്, വെള്ളാനിക്കരയിൽ 2022 അദ്ധ്യയന വർഷത്തെ ഡി.ബി.ടി സപ്പോർട്ടഡ് എം.എസ്.സി (അഗ്രി) പ്ലാന്റ് ബയോടെക്നോളജി കോഴ്സിലേക്കുള്ള പ്രവേശനത്തിനായി പുനർവിജ്ഞാപനം പുറപ്പെടുവിച്ചു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും സർവ്വകലാശാലയുടെ വെബ്സൈറ്റ് www.admissions.kau.in സന്ദർശിക്കുക. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയ്യതി: 09.10.2022.

**പരിശീലന പരിപാടികൾ**

5. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന സംസ്ഥാന തീറ്റപ്പുൽ കൃഷി പരിശീലന കേന്ദ്രത്തിൽ യുവ സംരംഭകർക്ക് വാണിജ്യ അടിസ്ഥാനത്തിൽ **തീറ്റപ്പുൽ കൃഷിയും വിപണനവും** എന്ന വിഷയത്തിൽ പ്രായോഗിക പരിശീലനവും പരിശീലനാർത്ഥികൾക്ക് തീറ്റപ്പുൽ വിപണി കണ്ടെത്തി വരുമാനം നേടാനുള്ള സഹായവും, അതോടൊപ്പം ക്ഷീര വികസന വകുപ്പിന്റെ വിവിധ ധനസഹായ പദ്ധതികളും പരിചയപ്പെടുത്തുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **ഒക്ടോബർ 10** വൈകുന്നേരം 5 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ **9400831831, 0471–2501706** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർകൃഷിയിൽ ചെറുകിടകർഷകർക്ക് ഒക്ടോബർ 10 മുതൽ 14 വരെ പരിശീലനം നൽകുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ചു നടക്കുന്ന പരിശീലനത്തിൽ നൂതനനടീൽവസ്തുക്കൾ, നടീൽരീതികൾ, വളപ്രയോഗശുപാർശകൾ, കീട-രോഗനിയന്ത്രണം, ടാപ്പിങ് തുടങ്ങിയ വിഷയങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. ഒക്ടോബർ മുതൽ ഫെബ്രുവരി വരെയുള്ള തണുപ്പ് കാലമാണ് കാബേജ്, കോളിഫ്‌ളവർ, സവാള തുടങ്ങിയ ശീതകാല പച്ചക്കറികൾ കൃഷി ചെയ്യുന്നതിനുള്ള അനുയോജ്യമായ സമയം. സെപ്റ്റംബർ അവസാന വാരത്തിലോ ഒക്റ്റോബർ ആദ്യ വാരത്തിലോ ഇതിനായി നഴ്സറി തയ്യാറാക്കേണ്ടതാണ്. നഴ്സറിയിൽ കാബേജ്, കോളിഫ്‌ളവർ ഒരു മാസവും സവാള ഒന്നര മുതൽ രണ്ട് മാസം വരെയുമാണ് വളർത്തേണ്ടത്. കാബേജിൽ NS-43, NS-183, NS-160 എന്നീ ഇനങ്ങളും കോളിഫ്‌ളവറിൽ NS-60, ബസന്ത്, പുസ മേഘ്ന എന്നീ ഇനങ്ങളും സവാളയിൽ അഗ്രി ഫൌണ്ട് ഡാർക്ക് റെഡ്, അർക്ക നികേതൻ, അർക്ക കല്യാൺ, NS-53 എന്നീ ഇനങ്ങളും ആണ് കേരളത്തിന്റെ കാലവസ്ഥയ്ക്കു ഏറ്റവും അനുയോജ്യം. ഇവയുടെ കൃഷിയ്ക്കായി വിത്തുകൾ പ്രോട്രേയിൽ പാകി നഴ്സറി തയ്യാറാക്കുന്നതിനു അനുയോജ്യമായ സമയമാണിപ്പോൾ. ഇതിനായി കറ കളഞ്ഞ (ടാന്നിൻ രഹിത) ചകിരി ചോറും മണ്ണിര കമ്പോസ്റ്റും 1:1 അനുപാതത്തിൽ പ്രോട്രേകളിൽ നിറക്കാനുള്ള മാധ്യമം ആയി ഉപയോഗിക്കാം. ഇങ്ങനെ തയാറാക്കിയ മാധ്യമത്തിലേക്ക് 15 മുതൽ 20 ഗ്രാം വരെ സ്യൂഡോമോണസ് ഒരു കിലോ മാധ്യമത്തിന് എന്ന തോതിൽ ചേർത്ത ശേഷം പ്രോട്രേകൾ നിറയ്ക്കുക. വിത്തുകൾ പാകുന്നതിനു മുൻപായി 5 മുതൽ 10 ഗ്രാം മൈക്കോറൈസ (VAM) ഉപയോഗിച്ച് വിത്തുകൾ പരിചരിക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം